(ബി) 12-5-2015-ലെ സർക്കാർ കത്ത് നമ്പർ 13473/H3/15/H.Edn പ്രകാരമാണ് പാഠപുസ്തകങ്ങൾ സർക്കാർ പ്രസ്സുകളിൽ അച്ചടിക്കാനായി നിർദ്ദേശം നൽകിയത്.

(സി) പേപ്പറും മഷിയും ഉൾപ്പെടെയുള്ള പ്രിന്റിംഗ് മെറ്റീരിയൽ സർക്കാർ പ്രസ്സുകൾക്ക് കൈമാറി നൽകാൻ കെ.ബി.പി.എസ്.-നെയും സ്റ്റേഷനറി കൺട്രോളറെയുമാണ് ചുമതലപ്പെടുത്തിയിരുന്നത്.

(ഡി) തടസ്സങ്ങൾ ഒന്നുംതന്നെ ശ്രദ്ധയിൽ വന്നിട്ടില്ല.

## അംഗീകൃത സ്കൂളുകൾ

71 (1093) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര അംഗീകൃത സ്കൂളുകൾ പ്രവർത്തിച്ചുവരുന്നുണ്ട് ;

(ബി) അംഗീകാരമില്ലാതെ സ്റ്റേറ്റ് സിലബസ്സിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് അപേക്ഷ ക്ഷണിച്ചിരുന്നത് ഏത് തീയതിയിലായിരുന്നു ; എത്ര തവണ സമയം നീട്ടിക്കൊടുത്തുവെന്നും ലഭിച്ച അപേക്ഷകൾ എത്രയായിരുന്നുവെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(സി) ഇതിൽ അംഗീകാരം നൽകുന്നതിനായി തെരഞ്ഞെടുത്ത സ്കൂളുകൾ എത്രയാണെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ;

(ഡി) ഏത് മാനദണ്ഡ പ്രകാരമാണ് അംഗീകാരത്തിനുള്ള അർഹത നിർണ്ണയിച്ചത് ; മാനദണ്ഡങ്ങൾ എന്തായിരുന്നുവെന്നും ഏത് തലത്തിലാണ് അംഗീകാരം നൽകിയതെന്നും അറിയിക്കുമോ ;

(ഇ) ഇതുമൂലം അടച്ചുപൂട്ടൽ ഭീഷണിയിലായ സ്കൂളുകൾ എത്രയാണ് ; എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ?

### ഉത്തരം

(എ) സർക്കാർ മേഖലയിൽ 4619 സ്കൂളുകളും എയ്ഡഡ് മേഖലയിൽ 7145 സ്കൂളുകളും അൺഎയ്ഡഡ് മേഖലയിൽ 1159 സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2-7-2013-ലെ ജി.ഒ. (ആർടി.) 2736/13 പ്രകാരം അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 31-7-2013 ആയിരുന്നു. 3 തവണ അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി നീട്ടിക്കൊടുത്തു. 16-8-2013-ലെ ജി.ഒ. (ആർടി.) നമ്പർ 3333/2013 പ്രകാരം അപേക്ഷ സ്വീകരിക്കുന്ന തീയതി 31-8-2013 ആയും 1-10-2013-ലെ ജി.ഒ. (ആർടി.) നമ്പർ 4027/13 പ്രകാരം അപേക്ഷ സ്വീകരിക്കുന്ന തീയതി 31-10-2013 ആയും 9-10-2014-ലെ ജി.ഒ.(ആർടി.) നമ്പർ 4078/14 പ്രകാരം അപേക്ഷ സ്വീകരിക്കുന്ന തീയതി 31-12-2014 ആയും നീട്ടി നൽകിയിട്ടുണ്ട്.

ലഭിച്ച അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്ക് ഇപ്രകാരമാണ്.

| | | | |
|---|---|---|---|
| 1. | തിരുവനന്തപുരം | - | 54 |
| 2. | കൊല്ലം | - | 84 |
| 3. | പത്തനംതിട്ട | - | 59 |
| 4. | ആലപ്പുഴ | - | 22 |
| 5. | കോട്ടയം | - | 29 |
| 6. | ഇടുക്കി | - | 36 |
| 7. | എറണാകുളം | - | 41 |
| 8. | തൃശ്ശൂർ | - | 57 |
| 9. | പാലക്കാട് | - | 110 |
| 10. | മലപ്പുറം | - | 156 |
| 11. | കോഴിക്കോട് | - | 84 |
| 12. | വയനാട് | - | 27 |
| 13. | കണ്ണൂർ | - | 115 |
| 14. | കാസർഗോഡ് | - | 91 |
| | ആകെ | | 965 |

LIBRARY ARCHIVES Kerala Legislative Assembly

(സി) ആദ്യഘട്ടത്തിൽ ചുവടെ പറയുന്ന 308 സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്:

| | | | |
|---|---|---|---|
| 1. | തിരുവനന്തപുരം | - | 16 |
| 2. | കൊല്ലം | - | 34 |
| 3. | പത്തനംതിട്ട | - | 5 |
| 4. | ആലപ്പുഴ | - | 4 |
| 5. | കോട്ടയം | - | 11 |
| 6. | ഇടുക്കി | - | 14 |
| 7. | എറണാകുളം | - | 9 |
| 8. | തൃശ്ശൂർ | - | 21 |
| 9. | പാലക്കാട് | - | 30 |
| 10. | മലപ്പുറം | - | 62 |
| 11. | കോഴിക്കോട് | - | 32 |
| 12. | വയനാട് | - | 10 |
| 13. | കണ്ണൂർ | - | 25 |
| 14. | കാസർഗോഡ് | - | 35 |
| | ആകെ | | 308 |

(ഡി) 10-6-2013-ലെ ജി.എ.(എംഎസ്.) 184/2013/പൊ.വി.വ. പ്രകാരമുള്ള സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് അംഗീകാരത്തിനുള്ള അർഹത നിർണ്ണയിച്ചത്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* അംഗീകാരം നൽകുന്നതിനായി മാനദണ്ഡങ്ങൾ പാലിക്കുന്ന സ്കൂളുകളുടെ ലിസ്റ്റ് പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്ത് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ തലത്തിൽ അംഗീകാരം നൽകിയത്.

(ഇ) നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സ്കൂളുകൾക്കാണ് (2012-ലേയ്ക്ക് 5 വർഷം) അംഗീകാരം നൽകിയത്. അംഗീകാരം നൽകിയതുമൂലം അടച്ചുപൂട്ടൽ ഭീഷണിയിലായ സ്കൂളുകളുടെ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മൂന്നപരാതികൾ മാത്രമാണ് ഇതുസംബന്ധിച്ച് ലഭിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly